**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5492** **03-11-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയെ ജനറൽ ആശുപത്രിയാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ; | (എ) | ഓരോ ആരോഗ്യ സ്ഥാപനങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്ന നയമാണ് ആരോഗ്യവകുപ്പ് തുടർന്ന് വരുന്നത്. ഇത് അനുസരിച്ച് ഒരു ജില്ലയിൽ ഒരു ആശുപത്രിയെ ജില്ലാതല ആശുപത്രിയായും ഒരു റവന്യൂ താലൂക്കിൽ ഒരു ആശുപത്രിയെ താലൂക്ക് തല ആശുപത്രിയായും വികസിപ്പിക്കുന്ന പ്രവർത്തനങ്ങളാണ് ആർദ്രം മിഷന്റെ ഭാഗമായി നടന്നുവരുന്നത്. സർക്കാർ ഉത്തരവ് നം 58/2017/എച്ച് & എഫ് ഡബ്ല്യൂ ഡി തീയതി 22/04/2017 പ്രകാരം മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി താലൂക്കാ ശുപത്രിയുടെ പട്ടികയിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ആയതിന്റെ ഭാഗമായി 2ലാബ് ടെക്നീഷ്യൻ, 2 സ്റ്റാഫ് നേഴ്സ്, 1 ഡെന്റൽ മെക്കാനിക് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്ലാൻ ഫണ്ട് 3.45 കോടി രൂപ ചെലവിൽ നിർമ്മിച്ച ഇരുനില കെട്ടിടം 2020 മാർച്ച് മുതൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. എൻ.എച്ച്.എം ഫണ്ട്(69 ലക്ഷം രൂപ) ഉപയോഗിച്ച് നിർമ്മിച്ച ലക്ഷ്യ നിലവാരത്തിലുള്ള ലേബർ റൂം 2021 സെപ്റ്റംബർ മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. കോവിഡ് 19 ന്റെ ഭാഗമായി 91 ലക്ഷം രൂപ ചെലവഴിച്ച് 10 ബഡ്ഡോട് കൂടിയ മെഡിക്കൽ ഐ.സി.യു 2021 ഓഗസ്റ്റ് മുതൽ പ്രവർത്തിച്ചു വരുന്നു. |
| (ബി) | മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഫോറൻസിക് സർജന്റെ തസ്തികയുൾപ്പെടെ ആവശ്യമായ ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ആർദ്രം മാനദണ്ഡപ്രകാരം താലൂക്ക് തല ആശുപത്രികളിൽ ഫോറൻസിക് സർജന്റെ തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല. ജില്ലാതല ആശുപത്രികളിൽ മാത്രമാണ് ഫോറൻസിക് സർജന്റെ തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. |
| (സി) | കാരുണ്യ ഫാർമസി, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് എന്നിവ സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ? | (സി) | മലപ്പുറം താലൂക്ക് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ആരംഭിക്കുന്നതിനുള്ള സ്ഥലം ലഭ്യമാണെന്ന് ആശുപത്രി സൂപ്രണ്ട് അറിയിച്ചതിന്‍ പ്രകാരം, കേരള മെഡിക്കൽ സർവ്വീസസ് |

| | | | |
|---|---|---|---|
| | | | കോർപ്പറേഷന്റെ പ്രതിനിധി ടി സ്ഥലം സന്ദർശിക്കുകയും അനുകൂല സാഹചര്യം ബോധ്യപ്പെട്ടുകയും ചെയ്തു. ഫാർമസി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു.ടി ആശുപത്രിയിൽ നിലവിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ